"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് മാനേജ്മെന്റിന് കീഴിലെ സ്കൂളുകളിലെ അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം- കോർപ്പറേറ്റ് മാനേജരുടെ റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2579/2025/GEDN തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 05.06.2023, 11/11/2024 തീയതികളിലെ റിവിഷൻ ഹർജികൾ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.01.2025 തീയതിയിലെ ഇ.ടി5/24853/2024/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് മാനേജ്മെന്റിന് കീഴിലെ വർക്കല ശിവഗിരി എച്ച്.എസ്.ലും കോട്ടയം കുറിച്ചി എ.വി.എച്ച്.എസ്.ലും 2013-14 മുതൽ 2022-23 വരെ നടത്തിയ അനദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. രണ്ട് സ്കൂളുകളിലുമായി ശ്രീമതി ലോല, ശ്രീമതി ആശ, ശ്രീ.ടിജിൻ, ശ്രീ.സഞ്ജു, ശ്രീമതി ഷീനമോൾ, ശ്രീ.വൈശാഖ് എന്നീ അനദ്ധ്യാപകരുടെ നിയമനങ്ങളാണ് അംഗീകരിക്കപ്പെടാനുള്ളതെന്നും ശിവഗിരി എച്ച്.എസ്.ൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തിരുന്ന ശ്രീ. ശ്രീനിവാസനെ നിർബന്ധിത പെൻഷൻ നൽകി പിരിച്ചുവിട്ട മാനേജ്മെന്റിന്റെ നടപടിയാണ് തുടർന്ന് നടത്തിയ അനദ്ധ്യാപക നിയമനങ്ങൾ നിരസിക്കാൻ കാരണമായി വിദ്യാഭ്യാസ അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും റിവിഷൻ അപ്പീലിൽ വിവരിക്കുന്നു. നിലവിൽ ശ്രീ. ശ്രീനിവാസന് എതിരെയുള്ള നടപടിക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ മേൽ നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം.

3. ടി വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിൽ ഓരോ നിയമനങ്ങളും നിരസിക്കാനുണ്ടായ കാരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1) ശ്രീ.ടിജിൻ റ്റി.ജി., എഫ്.ടി.എം.

ശിവഗിരി എച്ച്.എസ്.-ലെ എഫ്.റ്റി.എം ആയിരുന്ന ശ്രീമതി.അഖില എം.-ന് ഓഫീസ്

അറ്റൻഡന്റ് പ്രമോഷൻ നൽകിയ ഒഴിവിലാണ് ശ്രീ.ടിജിൻ റ്റി.ജി.-യെ എഫ്.റ്റി.എം അയി 11/05/2020 മുതൽ മാനേജർ നിയമിച്ചത്. ശ്രീമതി എം.അഖിലയുടെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീ.റ്റി.ജി.ടിജിനെ നിയമിച്ച ഒഴിവ് സ്ഥാപിതമല്ലായിരുന്നു എന്നും മേൽ കാരണത്താൽ 06/10/2020-ന് ടിയാന്റെ നിയമനം നിരസിച്ചിരുന്നതായും ആയതിൽ സമർപ്പിച്ച അപ്പീൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ 19/02/2021-ലെ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട് എന്നും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഫ്.ടി.എം തസ്തികയിൽ നിയമന അംഗീകാരം ലഭിക്കാത്തതിനാലാണ് ടിയാളുടെ ഓഫീസ് അറ്റൻഡന്റ് നിയമനവും നിരസിച്ചിരുന്നത്.

2) ശ്രീമതി ആശ ആർ., എഫ്.റ്റി.എം.

ശിവഗിരി എച്ച്.എസ്.-ലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ.ടിജിൻ.റ്റി.ജി.-യെ 08/06/2020 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമനം നൽകിയ ഒഴിവിലാണ് ശ്രീമതി ആശ ആർ.-നെ 08/06/2020 മുതൽ എഫ്.ടി.എം ആയി നിയമിച്ചത്. ശ്രീ.ടിജിന്റെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് സ്ഥാപിതമല്ല, സീനിയർ നിയമനാർത്ഥിക്ക് നിയമനാംഗീകാരം നല്കിയിട്ടില്ല എന്നീ കാരണങ്ങളാൽ ശ്രീമതി ആശ ആർ.-ന്റെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/09/2023-ലെ അപ്പീൽ ഉത്തരവ് നമ്പർ ET5/235091/2021 പ്രകാരം, ഒഴിവ് വ്യവസ്ഥാപിതമാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കാൻ മാനേജർക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്നാണ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3) ശ്രീമതി ലോല വി.,യു.പി.എസ്.റ്റി.

വർക്കല ശിവഗിരി എച്ച്.എസ്.എസ്.ലെ ശ്രീമതി.ഷീബ വി, യു.പി.എസ്.റ്റി 31.05.2021 ൽ സർവീസിൽ നിന്ന് വിരമിച്ച ഒഴിവിലേക്ക് മാനേജർ 15.07.2021 മുതൽ കുറിച്ചി എ.വി.എച്ച്.എസ്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.ലോല വി.എസ്.നെ യു.പി.എസ്.റ്റി ആയി വർക്കല ശിവഗിരി എച്ച്.എസ്.എസ്.ൽ നിയമിച്ചു. എന്നാൽ ആയത് താഴെ പറയുന്ന കാരണങ്ങളാൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

a. ശ്രീമതി ലോല വി.എസ്.ന്റെ പ്രൊമോഷൻ നിയമനം അംഗീകരിക്കുന്നതിലേക്കായി ടിയാളുടെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിച്ചിട്ടുള്ള രേഖകളോ സേവന പുസ്തകമോ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.

b. ശ്രീമതി ലോല വി.എസ്സ്-ന്റെ കെ.ടെറ്റ് യോഗ്യത സർട്ടിഫിക്കറ്റ് സമന്വയയിൽ അപ്‌ലോഡ് ചെയ്യുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

C. ശ്രീമതി.റീജാ രാജേന്ദ്രനെ 2009-10 വർഷത്തെ അധിക തസ്തികയിൽ നിയമിക്കണമെന്ന സർക്കാർ നിർദ്ദേശം (സ.ഉ.(സാധാ)നം.3467/19/പൊ.വി.വ തീ.30.8.2019 പ്രകാരം) മാനേജർ നടപ്പിലാക്കിയിരുന്നില്ല കൂടാതെ സീനിയർ അവകാശികളുടെ നിയമനം അംഗീകരിക്കപ്പെട്ടിരുന്നില്ല.

d. എസ്.എൻ.ഡി.എസ്.റ്റി സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ കാലാവധി 31.07.2020 ൽ അവസാനിച്ചിരുന്നു എന്നതിനാൽ കാലാവധി ദീർഘിപ്പിച്ച ഉത്തരവ് സമർപ്പിച്ചിരുന്നില്ല.

നിലവിൽ 08-11-2024ലെ GO(RT) 7973/2024/പൊ.വി.വ പ്രകാരം സീനിയോറിറ്റി പ്രകാരം മാനേജർ ക്രമീകരണം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് യു.പി.എസ്.ടി മാരുടെ നിയമനം പരിഗണിക്കാൻ നിർദേശം ലഭിച്ചിട്ടുണ്ട്.

കുറിച്ചി എ.വി.എച്ച്.എസ്. ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജോമോൻ കെ. ഇതേ സ്കൂളിൽ ക്ലർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ആയതിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് ഇതേ സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി ലോല വി.എസ്.നെ പ്രൊമോഷൻ നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 04/06/2020 മുതൽ തുടർച്ചയായി മാനേജർ നിയമിച്ചിരുന്നു. ഈ നിയമന അപേക്ഷ കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 03-11-2020 തിയതിയിൽ B5/17616/2020 ഫയൽ പ്രകാരം റിട്ടേൺ ചെയ്തു നൽകിയിരുന്നു.

മാനേജർ നിയമന അപേക്ഷ പുനഃസമർപ്പിച്ചിരുന്നതായും നിലവിൽ ശ്രീമതി.ലോല വി.എസ്-ന്റെ കുറിച്ചി എ.വി.എച്ച്.എസ്.-ലെ ഓഫീസ് അറ്റൻഡന്റ് ആയുള്ള പ്രൊമോഷൻ നിയമനം കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 13-12-2024 തിയതിയിലെ B5/782972/2024 ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ശ്രീ.വൈശാഖ് വി., എഫ്.ടി.എം

ശിവഗിരി എച്ച്.എസ്.-ൽ 2022-23 വർഷം അനുവദിച്ച അധിക എഫ്.റ്റി.എം തസ്തികയിൽ 30/11/2023-മുതൽ ആണ് ശ്രീ.വൈശാഖ് വി.-യെ നിയമിച്ചത്. ആയത് സീനിയർ നിയമനാർത്ഥി ആയ ശ്രീ.ടിജിൻ റ്റി.ജെ.-ക്ക് അംഗീകാരം ലഭിച്ചിട്ടില്ല, ശ്രീ വൈശാഖ് വി.ക്ക് ഡിഗ്രി യോഗ്യതയില്ല എന്നത് സംബന്ധിച്ച സത്യപ്രസ്താവന സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ 03/06/2024-ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീൽ പരിഗണനയിലാണ്.

5) ശ്രീമതി ഷീനാമോൾ പി.കെ., എഫ്.ടി.എം

കുറിച്ചി എ.വി.എച്ച്.എസ്.ലെ എഫ്.ടി.എം ആയിരുന്ന ശ്രീമതി. ലോല വി.എസ്. ഇതേ സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പ്രൊമോഷൻ ആയതിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് ശ്രീമതി.ഷീനാമോൾ പി.കെ.യെ 04/06/2020 മുതൽ തുടർച്ചയായി മാനേജർ നിയമിച്ചിരുന്നു.

നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ്, മാതൃ തസ്തികയിലെ ജീവനക്കാരിയുടെ പ്രൊമോഷൻ അംഗീകരിച്ച് ശമ്പളം കൈപ്പറ്റിയെന്നുള്ള സത്യപ്രസ്താവന, മാനേജരുടെ സത്യപ്രസ്താവനകൾ, നിയമനാർത്ഥിയുടെ സത്യപ്രസ്താവന, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ ഈ നിയമനം കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 03/11/2020 തിയതിയിൽ റിട്ടേൺ ചെയ്തു നൽകിയിരുന്നു.

നിലവിൽ മാതൃ തസ്തികയിലെ ജീവനക്കാരി ശ്രീമതി.ലോല വി.എസ്.-ന്റെ ഓഫീസ് അറ്റൻഡന്റ്

ആയുള്ള പ്രൊമോഷൻ നിയമനം അംഗീകരിച്ച നൽകിയിട്ടുണ്ട്. ആയതിനാൽ തസ്തികയും ഒഴിവും വ്യവസ്ഥാപിതമാണ്. ശ്രീമതി.ഷീനാമോൾ പി.കെ.യുടെ 04/06/2020 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം പരിഗണനാർഹമാണ് എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

6) ശ്രീ.സഞ്ജു എസ്.എൽ., എഫ്.ടി.എം.

കുറിച്ചി, എ.വി.എച്ച്.എസ്.ലെ ഫുൾടൈം മീനിയൽ ആയ ശ്രീമതി.ഷീനമോൾ പി.കെ.-യെ ഇതേ സ്കൂളിൽ 15/07/2021 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ നൽകിയ ഒഴിവിലാണ് മാനേജർ ശ്രീ.സഞ്ജു എസ്.എൽ.-നെ 15/07/2021 മുതൽ ഫുൾടൈം മീനിയൽ ആയി നിയമിച്ചിരുന്നത്. മാതൃ ജീവനക്കാരി ശ്രീമതി ഷീനമോൾ പി.കെ.-യുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് സ്ഥാപിതമല്ല. ഈ കാര്യാലയത്തിലെ 27/10/2010-ലെ ET2/69049/17/DPI ഉത്തരവ് അനുസരിച്ച 31/07/2020 വരെ മാത്രമേ മാനേജരുടെ നിയമനം അംഗീകരിച്ചിട്ടുള്ളൂ. ആയതിനാൽ അംഗീകൃത മാനേജർ അല്ല നിയമനം നടത്തിയിട്ടുള്ളത്. മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല, നിയമന തിയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ഈ നിയമനം കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച നല്കിയിട്ടുണ്ട്.

7) ശ്രീ. അജു ആർ., ഫുൾ ടൈം മീനിയൽ

കുറിച്ചി എ.വി.എച്ച്.എസ്.ലെ ഫുൾ ടൈം മീനിയൽ ശ്രീ.സഞ്ജു എസ്.എൽ. 01-06- 2023 തീയതിയിൽ രാജിവെച്ച ഒഴിവിൽ മാനേജർ ശ്രീ.അജു.ആർ.നെ 12-06-2023 തീയതി മുതൽ ഫുൾ ടൈം മീനിയൽ ആയി തുടർച്ചയായി നിയമിച്ചു. മാതൃ തസ്തികയിലെ ജീവനക്കാരൻ ശ്രീ.സഞ്ജു എസ്.എൽ.ന്റെ 15-07-2021 മുതലുള്ള നിയമനം കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നല്കിയിട്ടുള്ളതിനാൽ തസ്തികയും ഒഴിവും ലഭ്യമല്ല എന്ന കാരണത്താൽ ശ്രീ.അജു ആർ.ന്റെ നിയമനം നിരസിച്ച നല്കിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8) ശ്രീമതി. ആശാ ശിവാനന്ദൻ, എഫ്.ടി.എം., എ.വി.എച്ച്.എസ്, കുറിച്ചി

ശ്രീ.അജു ആർ.ന്റെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി.ആശാ ശിവാനന്ദൻ, എഫ്.ടി.എം-ന്റെ നിയമനവും അംഗീകരിക്കാവുന്നതാണ് എന്ന് കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ശ്രീമതി.ലോല വി.എസ്-ന്റെ കുറിച്ചി എ.വി.എച്ച്.എസ്.-ലെ ഓഫീസ് അറ്റൻഡന്റ് ആയുള്ള പ്രൊമോഷൻ നിയമനം കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 13-12-2024 തിയതിയിലെ B5/782972/2024 ഉത്തരവ് പ്രകാരം അംഗീകരിച്ച നൽകിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീമതി. ലോല വി.എസ്.-ന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള പ്രൊമോഷൻ നിയമനം അംഗീകരിച്ച നൽകിയിട്ടുള്ള സാഹചര്യത്തിൽ എഫ്.റ്റി.എം. തസ്തികയും ഒഴിവും വ്യവസ്ഥാപിതമാണ്. ആയതിനാൽ പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.ഷീനാമോൾ

പി.കെ.യുടെ 04/06/2020 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം പരിഗണനാർഹമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, കുറിച്ചി എ.വി.എച്ച്.എസ്.ലെ എഫ്.ടി.എം ആയിരുന്ന ശ്രീമതി. ലോല വി.എസ്. ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ പ്രൊമോഷൻ അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ തുടർന്നുണ്ടായ എഫ്.റ്റി.എം. ഒഴിവിലേക്ക് ശ്രീമതി. ഷീനാമോൾ പി.കെ.യുടെ 04/06/2020 മുതലുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെന്നുറപ്പ് വരുത്തി ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി അംഗീകരിക്കുന്നതിനും അതോടൊപ്പം മറ്റുള്ള എഫ്.റ്റി.എം./യു.പി.എസ്.റ്റി. നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള തടസങ്ങൾ എന്താണെന്നു സ്കൂൾ മാനേജമെന്റിനെ അറിയിച്ച് അവരുടെ നിയമനങ്ങൾ നിയമാനുസൃതമാണെങ്കിൽ ഒഴിവ് വ്യവസ്ഥാപിതമാകുകയും മറ്റ് തടസ്സങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുന്ന മുറയ്ക്കും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി സമയബന്ധിതമായി അംഗീകരിച്ചു നൽകുന്നതിനും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി കൊണ്ടും കോർപ്പറേറ്റ് മാനേജരുടെ റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് സ്കൂൾസ്, ശിവഗിരി മഠം, വർക്കല-695 141
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ/കോട്ടയം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 09-04-2025 14:31:08
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.